REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 16-05-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ 51 റോഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും.
- ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത സൈനികർക്ക് അഭിവാദ്യമർപ്പിച്ച് കൊച്ചിയിൽ തിരംഗ യാത്ര സംഘടിപ്പിച്ചു- കണ്ണൂരും, കോഴിക്കോട്ടും, പാലക്കാട്ടും വൈകിട്ട് ത്രിവർണ സ്വാഭിമാന യാത്ര.
- ഇന്ത്യൻ സർവകലാശാലകൾ തുർക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഒപ്പിട്ട ധാരണാപത്രങ്ങൾ താൽക്കാലികമായി നിർത്തിവെച്ചു.
- മലപ്പുറം കാളികാവിലെ നരഭോജി കടുവയെ പിടികൂടാൻ വനംവകുപ്പ് ശ്രമം ഊർജ്ജിതമാക്കി.
- സ്വർണവില പവന് 880 രൂപ വർദ്ധിച്ചു.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ 51 റോഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. LDF ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായാണ് ഓൺലൈനായി റോഡുകൾ നാടിന് സമർപ്പിക്കുന്നത്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്**

**(വോയ്സ് ...............)**

✪✪✪

വിജയകരമായ ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത സൈനികർക്ക് അഭിവാദ്യമർപ്പിച്ച് കൊച്ചിയിൽ തിരംഗ യാത്ര സിനിമാ സംവിധായകനും മുൻ സൈനികോദ്യോഗസ്ഥനുമായ മേജർ രവി ഫ്ലാഗ് ഓഫ് ചെയ്തു. വിരമിച്ച സൈനിക ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവരുൾപ്പെടെ നിരവധിയാളുകൾ തിരംഗ യാത്രയിൽ പങ്കെടുത്തു. പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി N രാമചന്ദ്രന്റെ ഭാര്യയും, മകനും യാത്രയിൽ പങ്കുചേർന്നു. എറണാകുളം ഗവൺമെൻറ് ഗസ്റ്റ് ഹൗസിനു മുന്നിൽ നിന്ന് ആരംഭിച്ച തിരംഗ യാത്ര രാജേന്ദ്ര മൈതാനത്തിന് സമീപം ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ സമാപിച്ചു.

കണ്ണൂരിലും കോഴിക്കോട്ടും പാലക്കാട്ടും വൈകിട്ട് ത്രിവർണ സ്വാഭിമാനയാത്ര സംഘടിപ്പിക്കും. കണ്ണൂരിൽ വൈകിട്ട് നാലിന് പ്രഭാത് ജങ്ഷനിലെ വിളക്കുന്തറയിൽ നിന്ന് ആരംഭിക്കുന്ന യാത്ര ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിലെ യുദ്ധസ്മാരകത്തിൽ സമാപിക്കും.

കോഴിക്കോട്ട് കിഡ്സൺ കോർണർ മുതൽ പുതിയ ബസ് സ്റ്റാൻഡ് വരെയാണ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

പാലക്കാട്ട് യുദ്ധം സ്മാരകത്തിൽ നിന്ന് ആരംഭിക്കുന്ന യാത്ര സ്റ്റേഡിയം ബസ് സ്റ്റാൻഡ് പരിസരത്ത് സമാപിക്കും.

✪✪✪

ഓപ്പറേഷൻ സിന്ദൂർ ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഭീകരവാദത്തിന് നൽകിയ താക്കീതാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ സൈനികർക്ക് ആദരം അർപ്പിച്ച് ഇന്നലെ തൃശൂരിൽ സംഘടിപ്പിച്ച തിരംഗയാത്ര ഫ്ളാഗ് ഓഫ് ചെയ്യുകയിരുന്നു അദ്ദേഹം.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ രാഷ്ട്രം അഭിവാദ്യം ചെയ്യുന്നു. സായുധ സേനയ്ക്ക് ആദരസൂചകമായി, ആകാശവാണി പ്രത്യേക പരമ്പര അവതരിപ്പിക്കുകയാണ്. കാർഗിൽ യുദ്ധത്തിൽ ജീവ ത്യാഗം ചെയ്ത പരം വീര ചക്ര ജേതാവ് ക്യാപ്റ്റൻ മനോജ് കുമാർ പാണ്ഡെയെ അനുസ്മരിക്കുന്നു.

**ഡെസ്ക് റിപ്പോർട്ട് ..........**

**....(VOICE)......**

**വെറും 24 വർഷം മാത്രം നീണ്ട ജീവിത കാലയളവിൽ മാതൃരാജ്യത്തിനു വേണ്ടി അവസാന ശ്വാസം വരെ പൊരുതിയ ധീര ജവാനാണ് ക്യാപ്റ്റൻ മനോജ് കുമാർ പാണ്ഡെ. കശ്മീരിലെ ബടാലിക് മേഖലയിൽ നുഴഞ്ഞു കയറ്റക്കാരെ തുരത്തിയത് ലഫ്റ്റനന്റ് മനോജ് കുമാറിന്റെ നേതൃത്വത്തിലെ സംഘമായിരുന്നു. ഈ സേനാനീക്കത്തിലൂടെ തന്ത്രപ്രധാനമായ ജോബർടോപ്പ് ഇന്ത്യ തിരിച്ച് പിടിച്ചു. ലക്നൗവിലെ ഉത്തർപ്രദേശ് സൈനിക് സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ മനോജ്കുമാർ വിദ്യാർത്ഥിയായിരിക്കെ തന്നെ സ്പോട്സിലും ബോക്സിങ്ങിലും പ്രത്യേക താത്പര്യം പ്രകടിപ്പിച്ചു. നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നാണ് ബിരുദം നേടിയത്. ഇന്ത്യൻ കരസേനയുടെ പതിനൊന്നാം ഗൂർഖാ റൈഫിൾസിന്റെ ഒന്നാം ബറ്റാലിയനിൽ ചേർന്ന മനോജ് കുമാർ, 1999-ലെ കാർഗിൽ യുദ്ധകാലത്തെ സേവനത്തിന്റെ പേരിലാണ് പരംവീർ ചക്രയ്ക്ക് അർഹനായത്.**

✪✪✪

**പാക്കിസ്ഥാന് അന്താരാഷ്ട്ര നാണയനിധിയിൽ നിന്ന് സഹായം തടയാതിരുന്നതിന് മുൻ പെന്റഗൺ ഉദ്യോഗസ്ഥനും അമേരിക്കൻ എന്റർപ്രൈസസ് ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ ഫെലോയുമായ മൈക്കൽ റൂബിൻ അമേരിക്കയെ വിമർശിച്ചു. ഭീകരതയെ ഭരണകൂട നയമായി അംഗീകരിച്ച പാക്കിസ്ഥാൻ ലോകത്തിലെ ഏറ്റവും അഴിമതി നിറഞ്ഞ രാജ്യമാണെന്നും റൂബിൻ വിശേഷിപ്പിച്ചു.**

**പാകിസ്ഥാൻ പാക് ഭീകരർ ഇന്ത്യയിൽ ക്രൂരമായി ആക്രമണങ്ങൾ നടത്തിയ സമയത്ത് IMF-ൽ നിന്ന് ഫണ്ട് അനുവദിച്ചതിനെ അദ്ദേഹം അപലപിച്ചു. ഓപ്പറേഷൻ സിന്ദൂർ അതിർത്തി ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ശക്തമായ പ്രതികരണമാണെന്നും ഭീകരാക്രമണങ്ങൾക്ക് മുന്നിൽ നിശബ്ദത പാലിക്കില്ല എന്ന ശക്തമായ സന്ദേശമാണെന്നും റൂബിൻ പറഞ്ഞു.**

✪✪✪

**ദേശീയ സുരക്ഷാ ആശങ്കകൾ ഉന്നയിച്ച് ഒട്ടേറെ ഇന്ത്യൻ സർവകലാശാലകൾ തുർക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഒപ്പിട്ട ധാരണാപത്രങ്ങൾ താൽക്കാലികമായി നിർത്തിവെച്ചു. ഡൽഹി ജാമിയ മില്ലിയ ഇസ്ലാമിയ സർവകലാശാല, തുർക്കി വിദ്യാഭ്യാസ**

സ്ഥാപനങ്ങളുമായി ഒപ്പുവെച്ച ധാരണാപത്രം ഉടൻ പ്രാബല്യത്തിൽ വരുന്ന വിധം നിർത്തിവെച്ചു. ഹൈദരാബാദ് മൗലാന ആസാദ് ദേശീയ ഉറുദു സർവകലാശാലയും യൂനുസ് എമ്രി ഇൻസ്റ്റിറ്റ്യൂട്ടുമായി ഏർപ്പെട്ടിരുന്ന ധാരണ സസ്പെൻഡ് ചെയ്തു. നേരത്തെ JNU, ഇനോനു ധാരണ ഒഴിവാക്കിയിരുന്നു.

✪✪✪

സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസിഡർ സുഹേൽ ഖാൻ ഇന്ത്യയിൽ നിന്നെത്തിയ ഹജ്ജ് തീർത്ഥാടകരുമായി കൂടിക്കാഴ്ച നടത്തി. തീർത്ഥാടകർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സജ്ജമാക്കിയ ഹെൽപ്പ് ഡെസ്ക്കുകൾ, ബ്രാഞ്ച് ഓഫീസുകൾ, ഡിസ്പെൻസറികൾ തുടങ്ങിയവ സന്ദർശിച്ച് അദ്ദേഹം സൗകര്യങ്ങൾ വിലയിരുത്തി. തീർത്ഥാടകർക്ക് അവരുടെ താമസ സ്ഥലത്തുനിന്ന് ഹറം ഷെരീഫിലേക്ക് തടസ്സമില്ലാതെ യാത്ര ചെയ്യാൻ ഇരുപത്തിനാല് മണിക്കൂറും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിൽ നിന്നും ആദ്യ ഹജ്ജ് സംഘം കഴിഞ്ഞ മാസം 29 നാണ് സൗദിയിൽ എത്തിയത്.

✪✪✪

ഇന്ന് ദേശീയ ഡെങ്കി ദിനം. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നിർദേശമനുസരിച്ചാണ് ഡെങ്കിപ്പനിയെക്കുറിച്ച് അവബോധം വളർത്തുന്നതിന് എല്ലാ വർഷവും മെയ് 16 ഡെങ്കി ദിനമായി ആചരിക്കുന്നത്. സംസ്ഥാനത്ത് സന്നദ്ധ സംഘടനകളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ച് തദ്ദേശ സ്ഥാപനങ്ങൾ കൊതുക് നിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അഴിമതിയും ക്രമക്കേടുകളും റിപ്പോർട്ടു ചെയ്യാൻ സിംഗിൾ വാട്ട്സ് ആപ്പ് നമ്പർ ഉപയോഗിക്കാമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. 807 806 60 60 എന്ന നമ്പറിൽ തെളിവുകളോടെ വാട്ട്സ് ആപ്പ് ചെയ്താൽ നടപടി ഉറപ്പാക്കാൻ കഴിയുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിയന്ത്രണത്തിലാണ് സംവിധാനത്തിന്റെ പ്രവർത്തനം.

✪✪✪

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചരക്ക് സേവന നികുതി വകുപ്പ് കുടിശ്ശിക പിരിവ് ഡ്രൈവുകൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 35 ഓളം സ്ഥാപനങ്ങളിൽ നിന്നും നടപടിക്രമങ്ങൾ പൂർത്തിയാക്കി നികുതി കുടിശ്ശിക പിരിച്ചെടുത്തു. നികുതി കുടിശ്ശിക അടയ്ക്കാതെ പ്രവർത്തിക്കുന്ന ബിസിനസുകളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ ശക്തമായ നടപടി സ്വീകരിച്ചു വരികയാണെന്ന് സംസ്ഥാന GST വകുപ്പ് അറിയിച്ചു.

✪✪✪

UDF നെ ഭദ്രമാക്കാൻ എല്ലാ കക്ഷികളും ഒന്നിച്ചു പ്രവർത്തിക്കണമെന്നും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പരിഹരിക്കണമെന്നും മുസ്ലീംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ കോൺഗ്രസിൽ അനൈക്യം ഉണ്ടാകാൻ പാടില്ലെന്ന് അദ്ദേഹം ചെന്നൈയിൽ പറഞ്ഞു. ജനങ്ങളുടെ അഭിലാഷത്തിനനുസരിച്ച് ഉയർന്ന് പ്രവർത്തിക്കാൻ മുന്നണിയ്ക്ക് ഉത്തരവാദിത്വമുണ്ടെന്നും PMA സലാം അഭിപ്രായപ്പെട്ടു.

✪✪✪

കിഫ്ബി സഹായത്തോടെ നിർമിക്കുന്ന തലശ്ശേരിയിലെ കടൽപ്പാലം, എലിവേറ്റഡ് വാക്ക്‌വേ എന്നിവയും , സൈറ്റ് സൗന്ദര്യവൽക്കരണവും ഈ മാസം അവസാനത്തോടെ ടെണ്ടർ ചെയ്യാൻ തീരുമാനമായി. നിയമസഭാ സ്പീക്കർ AN ഷംസീറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. രാജ്യത്തെ ആദ്യ എലിവേറ്റഡ് വാക് വേ ആണ് തലശ്ശേരിയിൽ യാഥാർത്ഥ്യമാകുന്നത്.

✪✪✪

തിരുവനന്തപുരത്ത് അഭിഭാഷകയെ ക്രൂരമായി മർദിച്ച കേസിൽ സീനിയർ അഭിഭാഷകൻ ബെയിലിൻ ദാസിനെ ഈ മാസം 27 വരെ വഞ്ചിയൂർ കോടതി റിമാൻഡ് ചെയ്തു. പ്രതിയ്ക്ക് ജാമ്യം അനുവദിക്കരുതെന്ന പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിക്കുകയായിരുന്നു. ബെയിലിൻ ദാസിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി നാളെ ഉത്തരവ് പുറപ്പെടുവിക്കും.

✪✪✪

മലപ്പുറം കാളികാവിൽ നരഭോജി കടുവയെ പിടികൂടുന്നതിന് വനംവകുപ്പ് ശ്രമം ഊർജ്ജിതമാക്കി. ചീഫ് വെറ്റർനറി സർജൻ ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിൽ 50 പേരടങ്ങുന്ന RRT

സംഘമാണ് ദൗത്യത്തിന് നേതൃത്വം നൽകുന്നത്. കടുവയെ പിടികൂടാൻ മുത്തങ്ങയിൽ നിന്ന് കുങ്കിയാനകളെയും എത്തിച്ചിട്ടുണ്ട്. കടുവയുടെ സാന്നിധ്യം സ്ഥിരീകരിക്കാൻ ഇന്നലെ രാത്രി 50 നീരീക്ഷണ ക്യാമറകളും സ്ഥാപിച്ചു. ഇന്നലെ രാവിലെയാണ് ടാപ്പിംഗ് തൊഴിലാളിയായ ഗഫൂറിനെ കടുവ ആക്രമിച്ചു കൊന്നത്.

✪✪✪

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 44 ലക്ഷത്തിലധികം രൂപ വിലമതിക്കുന്ന വിദേശ കറൻസി പിടിച്ചെടുത്തു. ദുബായിലേക്ക് പോവുകയായിരുന്ന വനിതാ യാത്രക്കാരിയിൽ നിന്നാണ് രഹസ്യാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, 500 സൗദി റിയാലിന്റെ 400 നോട്ടുകൾ ഉദ്യോഗസ്ഥർ കണ്ടെടുത്തത്.

✪✪✪

കാപ്പാട് ബീച്ച് വാക്ക്-വേയിലെ മരങ്ങളിൽ ഓർക്കിഡ് വസന്തം തീർക്കാനൊരുങ്ങി മലബാർ ബോട്ടാണിക്കൽ ഗാർഡനും കോഴിക്കോട് DTPC യും.

ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട് .........

(വോയ്സ്............)

✪✪✪

ദോഹയിൽ, ജാവലിൻ ത്രോ ഡയമണ്ട് ലീഗ് മീറ്റിൽ ആദ്യ മത്സരത്തിനായി നീരജ് ചോപ്ര ഇന്നിറങ്ങും. ഈ മാസം 24 ന് ബെംഗളൂരുവിൽ നടത്താനിരുന്ന NC ക്ലാസിക് റദ്ദാക്കിയതിനാൽ, നീരജ് ഏറ്റവും മികച്ച പ്രകടനം കാഴ്ച വെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റിൽ ഇന്ന് വനിതാ വിഭാഗത്തിൽ ഇന്റഗ്രൽ കോച്ച് ഫാക്ടറി - സതേൺ -സെൻട്രൽ റെയിൽവേയുമായി ഏറ്റുമുട്ടും. പുരുഷ വിഭാഗം സെമിഫൈനലിൽ ഇന്ത്യൻ എയർഫോഴ്സ് കൊച്ചിൻ കസ്റ്റംസിനെ നേരിടും.

✪✪✪

സ്വർണ്ണവിലയിൽ വർധന. പവന് 880 രൂപ കൂടി 69,760 രൂപയായി. 8720 രൂപയാണ് ഗ്രാമിന്.

✪✪✪

ആകാശവാണി മഞ്ചേരി FM മറ്റന്നാൾ മലപ്പുറം മുൻസിപ്പൽ ടൗൺഹാളിൽ ഇശൽ തേന്മഴ എന്ന കലാവിരുന്നും നാടകാവതരണവും ഒരുക്കും. മഞ്ചേരി നിലയത്തിന്റെ മൈലാഞ്ചി മൊഞ്ച് മാപ്പിളപ്പാട്ട് പരിപാടി 75 ഭാഗം പിന്നിടുന്നതിന്റെ ഭാഗമായി മാപ്പിളപ്പാട്ടിന്റെ വികാസ പരിണാമങ്ങൾ എന്ന സംവാദവും ഒരുക്കിയിട്ടുണ്ട്. മലപ്പുറം മുൻസിപ്പൽ ചെയർമാൻ മുജീബ് കാടേരി പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

ഫിസിക്സ് ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കായി ഫൈകോൺ-2025 കോൺഫറൻസ് കണ്ണൂർ കൂത്തുപറമ്പ് നിർമലഗിരി കോളേജിൽ ഈ മാസം 30 ന് സംഘടിപ്പിക്കും. വിദ്യാർഥികൾക്ക് വേണ്ടി ആദ്യമായാണ് ഇത്തരമൊരു കോൺഫറൻസ് കേരളത്തിൽ സംഘടിപ്പിക്കുന്നതെന്ന് സംഘാടകസമിതി അറിയിച്ചു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*News Team:അനിൽ ചന്ദ്രൻ*
*DEO: ഷീബ*